# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

നമ്പർ: ഇ.ബി.(1) 1/2017

തിരുവനന്തപുരം, തീയതി, 28.09.2017
website : www.cooperation.kerala.gov.in
e-mail : keralarcs@gmail.com

വിഷയം: സഹകരണ വകുപ്പ് - ജീവനക്കാര്യം - സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/ഡയറക്ടർമാരുടെ സ്ഥലം മാറ്റം - നിയമനം ചുമതലാ കൈമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം : 1. അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. എം. കണ്ണൻകുട്ടിയുടെ 18.09.2017 ലെ അപേക്ഷ.
2. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) No. 2152/17 അപേക്ഷയിന്മേലുള്ള 27.09.2017 ലെ ഉത്തരവ്.
3. സഹകരണ സംഘം രജിസ്ട്രാറുടെ 29.09.2017 ലെ ഇതേ നമ്പർ ഉത്തരവ്.
4. സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ജനറൽ) ടെ 26.09.2017 ലെ ഇതേ നമ്പർ ഉത്തരവ്.

പരാമർശം (1) പ്രകാരം 30.09.2017 വരെ അവധിയിൽ പ്രവേശിച്ചിരുന്ന അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. എം. കണ്ണൻകുട്ടിയ്ക്ക് നിയമനം നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം ശ്രീ. സി.വി. ഗിരിജന്റെ സ്ഥലംമാറ്റ ഉത്തരവ് നടപ്പിലാക്കുന്നത് 4 ആഴ്ചകാലത്തേയ്ക്ക് തടഞ്ഞുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ പരാമർശം (4) ഉത്തരവ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തും, ശ്രീ. എം. കണ്ണൻ കുട്ടിക്ക് പുനർ നിയമനം നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

ശ്രീ. സി.കെ. ഗിരിജനെ സ്ഥലംമാറ്റി കൊണ്ടുള്ള പരാമർശം (4) ഉത്തരവിലെ ക്രമ നമ്പർ (52) റദ്ദ് ചെയ്തുകൊണ്ടും, അവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്തിട്ടുള്ള ശ്രീ. എം. കണ്ണൻകുട്ടിയെ തിരൂർ സഹകരണ അർബൻ ബാങ്കിൽ അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ തസ്തികയിൽ നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു. ശ്രീ. എം. കണ്ണൻകുട്ടി ടി തസ്തികയുടെ ചുമതല മലപ്പുറം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസിലെ അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും ഏറ്റെടുക്കേണ്ടതാണ്.

ടി ഉത്തരവിന് അടിയന്തിര പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ടി ആഫീസർമാർ വഹിച്ചു വരുന്ന തസ്തികയ്ക്ക് പുറമെ മറ്റേതെങ്കിലും തസ്തികകളുടെ അധിക ചുമതല വഹിക്കുകയാണെങ്കിൽ ആയതിന്റെ ചുമതല കൂടി

വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ആഫീസർക്ക് കൈമാറേണ്ടതാണ്.

ടി ആഫീസർമാർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറിയ തിന്റെയും, ചുമതല ഏറ്റെടുത്തതിന്റെയും ചുമതലാ കൈമാറ്റ റിപ്പോർട്ട് യഥാസമയം അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് കൃത്യമായും അയയ്ക്കേണ്ടതാണ്.

(ഒപ്പ്)
സി.എം. അജേയ്യമോഹൻ
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തികൾക്ക് : (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖാന്തിരം)

<u>പകർപ്പ്:</u> –

1) അക്കൗണ്ടന്റ് ജനറൽ(എ&ഇ)കേരള, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) ഗവൺമെന്റ് സെക്രട്ടറി സഹകരണ(എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
4) എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
5) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
6) സഹകരണ സംഘം രജിസ്ട്രാറുടെ പി.എ. യ്ക്ക്
7) ബന്ധപ്പെട്ട ജില്ലാ ട്രഷറി ആഫീസർമാർക്ക്
8) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)

## കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവ്

നമ്പർ: ഇ ബി (1) 1/2017

തിരുവനന്തപുരം, തീയതി, 28.09.2017
website :www.cooperation.kerala.gov.in
e-mail : keralarcs@gmail.com

വിഷയം : സഹകരണ വകുപ്പ് – ജീവനക്കാര്യം – സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനം – ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

പരാമർശം : 1. സഹകരണ സംഘം രജിസ്ട്രാറുടെ 26.09.2017 ലെ ഇതേ നമ്പർ ഉത്തരവ്.
2. സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ജനറൽ) ടെ 26.09.2017 ലെ ഇതേ നമ്പർ ഉത്തരവ്.
3. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) No. 2152/17 നമ്പർ അപേക്ഷയിന്മേലുള്ള 27.09.2017 ലെ ഉത്തരവ്.

മേൽ പരാമർശം (1) ഉത്തരവ് പ്രകാരം ക്രമ നമ്പർ (29) ശ്രീ. കൃഷ്ണനുള്ളി. പി.ഡി. യെ മീനച്ചിൽ പ്രാഥമിക സഹകരണ ബാങ്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ തസ്തികയിൽ നിയമിച്ചു കൊണ്ടും, പരാമർശം (2) ഉത്തരവിലെ ക്രമ നമ്പർ (52) ശ്രീ. സി.വി. ഗിരിജനെ മീനച്ചിൽ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ തസ്തികയിൽ നിന്നും തിരൂർ സഹകരണ അർബൻ ബാങ്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ തസ്തികയിലേക്ക് സ്ഥലം മാറ്റി കൊണ്ടും, ഉത്തരവായിരുന്നു. പരാമർശം (3) പ്രകാരം ശ്രീ. സി.വി. ഗിരിജന്റെ സ്ഥലംമാറ്റ ഉത്തരവ് നടപ്പിലാക്കുന്നത് 4 ആഴ്ചകാലത്തേയ്ക്ക് തടഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ബൈ ട്രാൻസ്ഫർ മുഖേന അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് നിയമനം ലഭിച്ചിട്ടുള്ള ശ്രീ. പി.ഡി. കൃഷ്ണനുണ്ണിയ്ക്ക് പകരം നിയമനം നൽകി ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

കോട്ടയം സഹകരണ ആഡിറ്റ് ജോയിന്റ് ഡയറക്ടറുടെ നിയന്ത്രണത്തിൽ സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന

ശ്രീ. പി.ഡി. കൃഷ്ണനുണ്ണിയ്ക്ക് കേരള സർവ്വീസ് പൊതു ചട്ടത്തിലെ 28–ാം ചട്ടം അനുസരിച്ച് 36600–79200 രൂപ ശമ്പള നിരക്കിൽ കൊല്ലം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി/എസ്.റ്റി) തസ്തികയി ലേക്ക് ബൈട്രാൻസ്ഫർ നിയമനം നൽകി ഉത്തരവാകുന്നു. ശ്രീ. പി.ഡി. കൃഷ്ണനുള്ളി ടി തസ്തികയുടെ ചുമതല കൊല്ലം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്)–ൽ നിന്നും ഏറ്റെടു ക്കേണ്ടതാണ്.

ടി ഭേദഗതിയോടുകൂടി പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഒപ്പ്)
എസ്. ലളിതാംബിക. ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

വ്യക്തികൾക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

പകർപ്പ്: –

1) അക്കൗണ്ടന്റ് ജനറൽ(എ &ഇ)കേരള, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2) ഗവൺമെന്റ് സെക്രട്ടറി സഹകരണ(എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറി യേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
4) സഹകരണ ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ട്രേറ്റ് , തിരുവനന്തപുരം
5) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
6) എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
7) ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക്
8) ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
9) ബന്ധപ്പെട്ട ജില്ലാ ട്രഷറി ആഫീസർമാർക്ക്
10) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)